# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ.പി 4-307/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 25/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.പിറ്റിഎ.പി 4-307/22 തീയ്യതി: 25/03/2022

## പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 22-07-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-03-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രവികല എബി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ബാലചന്ദ്രൻ ഡി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദീപേഷ് പി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 20-07-2019 |
| ശ്രീ. സതീഷ്ചന്ദ്രൻ ആർ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 21-07-2019 | 12-08-2019 |
| ശ്രീ. സുരേഷ് ഗോപിനാഥ പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 13-08-2019 | 20-10-2019 |
| ശ്രീ. സുബി കെ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 21-10-2019 | 21-11-2019 |
| ശ്രീമതി സന്ധ്യ കെ ബി | അസിസ്റ്റന്റ് സെക്രട്ടറി | 22-11-2019 | 31-03-2020 |
| ശ്രീമതി അനിതകുമാരി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 26-07-2019 |
| ശ്രീ. രാജേഷ് ബി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2019 | 26-08-2019 |
| ശ്രീമതി അനിതകുമാരി എം റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-08-2019 | 31-03-2020 |
| ഡോ. രാഹുൽ ആർ നായർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. സുജ എം എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ശ്രുതി ആർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ഷീന എബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. സജി തോമസ് | പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീ. അനിയൻ എ ആർ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-12-2019 |
| ശ്രീ. മനോജ് ബി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-01-2020 | 04-03-2020 |
| ശ്രീ.സജീഷ് കുമാർ ജെ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 05-03-2020 | 31-03-2020 |
| ശ്രീമതി അഞ്ജലി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2019 | 09-10-2019 |

| | | | |
|---|---|---|---|
| സന്തോഷ് | ഓഫീസർ | | |
| ശ്രീ.ലാലു കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 03-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 13-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 03-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 04-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 04-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 04-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 10-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 05-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-10 |
| 11 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 14-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-11 |
| 12 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-11-1 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 14-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-11-2 |
| 14 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ - ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടയ്ക്കുന്നില്ല<br>Written By: SINDHUMOL V N (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-11-3 |
| 15 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അർഹമായ ആനുകൂല്യം നൽകുന്നില്ല<br>Written By: SINDHUMOL V N (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-03-2022) | 1-12 |
| 16 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം അനിവാര്യം<br>Written By: SINDHUMOL V N (Auditor, On 14-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-13 |

| | | |
|---|---|---|
| 17 | തനത് വരവുകൾ പിരിച്ചെടുക്കുന്നതിൽ അലംഭാവം<br>Written By: Harikumar.S (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-14 |
| 18 | അനധികൃത നിർമ്മാണം ക്രമവത്ക്കരണം - ചട്ടങ്ങൾ പാലിച്ചില്ല<br>Written By: Harikumar.S (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-15 |
| 19 | അനധികൃത കെട്ടിടനിർമ്മാണം - നടപടി സ്വീകരിക്കേണ്ടവർ ചട്ടലംഘനത്തിന് കൂട്ടുനിൽക്കുന്നു<br>Written By: Harikumar.S (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-16 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല<br>Written By: Harikumar.S (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 23-03-2022) | 1-17 |
| 21 | എസ്.എസ്.എ. വിഹിതം-വിനിയോഗ വിവരങ്ങളിൽ പൊരുത്തക്കേട്<br>Written By: Harikumar.S (Auditor, On 14-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-18 |
| 22 | വളവും നടീൽ വസ്തുക്കളും ടെൻഡറില്ലാതെ കെയ്ക്കോയിൽ നിന്നും നേരിട്ട് വാങ്ങി<br>Written By: Harikumar.S (Auditor, On 14-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-19 |
| 23 | പദ്ധതി നടത്തിപ്പിലെ അനാസ്ഥമൂലം പഞ്ചായത്തിന് നഷ്ടമായത് 2.22 കോടി രൂപ<br>Written By: Arun S Nair (Asst. Audit Officer, On 06-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-20 |
| 24 | സ്കൂളുകൾക്കും ക്ലബ്ബുകളും ആനുകാലിക പ്രസിദ്ധീകരണങ്ങൾ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 1-21 |
| 25 | മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-22 |
| 26 | മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകിയത് ക്രമമല്ല<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 24-03-2022) | 1-23 |
| 27 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഫൈൻ ഒടുക്കയിത് അനുവദിക്കുന്നില്ല<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 25-03-2022) | 1-24 |
| 28 | ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 25-03-2022) | 1-25 |
| 29 | വാട്ടർ ചാർജ്ജിലെ കുടിശ്ശികയിനത്തിൽ വ്യക്തതയില്ലാതെ തുക ഒടുക്കുന്നു<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-26 |
| 30 | ശബരിമല ഫണ്ട് - അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-27 |
| 31 | വിവിധ ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Arun S Nair (Asst. Audit Officer, On 13-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 1-28 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 12-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 10-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 05-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 05-03-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 21-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 05-03-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 21-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 13-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 19-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 13-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 19-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 13-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 25-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 06-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 23-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

8549351 രൂപ മുന്നിരിപ്പും 166605000 രൂപ വരവും 165811000 രൂപ ചെലവും 9343351 നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 16.02.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 30.03.2020-ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനാകാര്യ പത്രിക 19.5.2020-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2018-19-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (44303280) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4-ലെ Joint Venture Projects (Revenue)- Disrict Panchayat, Contibutions For Other Specific Purposes (Capital)- Block Panchayat, Contibutions For Other Specific Purposes (Revenue)- Block Panchayat എന്നീനങ്ങളിലെ ബാലൻസ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തമില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

5. ഷെഡ്യൂൾ ബി-11 പ്രകാരമുള്ള ആസ്തിയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവിന്റെ മൂല്യം കേവലം 50000 രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. തൻ വർഷം നിരവധി റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ് പ്രവൃത്തികൾ നടത്തിയിട്ടും ആയതിന്റെ ആസ്തി മൂല്യത്തിൽ മുൻ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടില്ല.

6. ഷെഡ്യൂൾ ബി-11a പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8. ഷെഡ്യൂൾ ബി-5-ൽ ലോൺ തിരിച്ചടവ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക (8192392) തെറ്റാണ്. യഥാർത്ഥത്തിൽ വർഷാവസാനം 7574744 രൂപ മാത്രമാണ് ഒടുക്കാൻ ബാക്കിയുള്ളത്.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22002508 |
| വരവ് | 54265944 |
| ആകെ | 76248452 |
| ചെലവ് | 50187888 |
| നീക്കിയിരിപ്പ് | 26080564 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായത് |
| വികസന ഫണ്ട് (ജനറൽ) | 0 | 15752000 | 15752000 | 9362631 | 168710 | 6220659 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6382000 | 6382000 | 2286602 | 580826 | 3514572 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 1919000 | 1919000 | 552526 | 337919 | 1028555 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9283288 | 9283288 | 764108 | 1819180 | 6700000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10151000 | 10151000 | 3830110 | 2827785 | 3493105 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4482000 | 4482000 | 2814716 | 351428 | 1315856 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 613632 | 534551 | 1148183 | 0 | --- | 1148183 |
| WGDP | 73292 | 0 | 73292 | 0 | --- | 73292 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| MGNREGS | 10767.50 | 932322 | 943089.50 | 943089.50 | --- | 0 |
| ഐ.സി.ഡി.എസ് | 417476 | 228782 | 646258 | 133699 | -- | 512559 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കിയ തുകയായ 1007400 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) (514706) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി) (44118) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

4. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.റ്റി) (58824) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 234 | 89552365 | 138 | 33025464 | 106 | 36.87 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 22 | 11691049 | 5342403 | 45.70 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 10 | 3058599 | 1014784 | 33.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 131 | 65 | 39010383 | 12441779 | 31.89 |
| കൃഷി ഓഫീസർ | 11 | 11 | 4062255 | 2391580 | 58.87 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 6 | 16730842 | 1136400 | 6.79 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 4728277 | 3065133 | 64.82 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 1 | 1 | 1000000 | 870369 | 87.03 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 299986 | 99.99 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 700000 | 700000 | 100.00 |
| വെറ്ററിനറി സർജൻ | 5 | 3 | 3756000 | 2596148 | 69.12 |
| പ്രധാനാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 12 | 11 | 2914960 | 2308936 | 79.21 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1600000 | 857946 | 53.62 |
| | 234 | 138 | 89552365 | 33025464 | 36.87 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 10767.50 | 932322 | 943089.50 | 943089.50 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24081728 | 24081728 | 24081728 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 574000 | 574000 | 574000 | 0 |
| ആകെ | 10767.50 | 25588050 | 25598817.50 | 25598817.50 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2883 | 24431700 |
| വിധവാ പെൻഷൻ | 944 | 7351800 |
| കർഷക തൊഴിലാളി പെൻഷൻ | 434 | 3721800 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 302 | 2472000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 216600 |
| തൊഴിൽ രഹിത വേതനം | 12 | 14400 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 73503 (എഴുപത്തി മൂവായിരത്തി അഞ്ഞൂറ്റി മൂന്ന്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം

ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം കൂടിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ഒന്നും ചർച്ച ചെയ്യപ്പെടുന്നില്ല.

കമ്മിറ്റിയിൽ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായി അവഗണിച്ച് ആരോഗ്യ മേഖലയിലെ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അർഹത പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ ജനറൽ കമ്മിറ്റിയ്ക്ക് അനന്തര നടപടികൾക്കായി നൽകുന്ന ചുമതല മാത്രമാണ് ചർച്ച ചെയ്യുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നവയിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം ഡെപ്പോസിറ്റുകൾ ഒരുമിച്ചാണ് എഴുതിയിട്ടുള്ളത്. വാർഷിക സംക്ഷിപ്തവും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.10.2016-05.11.2016 | 2011-12 മുതൽ 2015-16 വരെ | 03.01.2017 |
| പെർഫോമൻസ് ഓഡിറ്റ് | 26.11.2021 | 12-2020 മുതൽ 3-2021 വരെ | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്ന

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, വയ്യാറ്റുപുഴ | I & II |
| 2 | പോസ്റ്റ് ഓഫീസ്, നീലിപിലാവ് | I & II |
| 3 | പോസ്റ്റ് ഓഫീസ്, പാമ്പിനി | II |
| 4 | പോസ്റ്റ് ഓഫീസ്, ചിറ്റാർ | II |
| 5 | പി ആർ ഡി കുറീസ്, ചിറ്റാർ | I & II |
| 6 | ബിവറേജസ് കോർപ്പറേഷൻ, ചിറ്റാർ | I & II |
| 7 | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, ചിറ്റാർ | II |
| 8 | വയ്യാറ്റുപുഴ ക്ഷീരോല്പാദക സഹകരണ സംഘം | I & II |
| 9 | പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | I & II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 14/10.03.2022) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-11-1 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽനികുതി പിരിവ് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പി ആർ ഡി കറീസ്, ചിറ്റാർ | I & II |
| 2 | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ്, ചിറ്റാർ | II |
| 3 | വയ്യാറ്റുപുഴ ക്ഷീരോല്പാദക സഹകരണ സംഘം | I & II |
| 4 | പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | I & II |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-11-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. എം.എസ്.മധു
2. കെ.എൽ.ഗോപി
3. വർഗീസ് പി.എം
4. നൂറുദ്ദീൻ പി.ജെ
5. ജസ്ററിൻ വർഗീസ്
6. ഷാജി എച്ച്
7. സലിം എച്ച്
8. സി.എം.മോനച്ചൻ
9. സജയകുമാർ കെ
10. ലെന്ജു മോൻസി
11. ടി.ഇ.യോഹന്നാൻ
12. കെ.എസ്.എബ്രഹാം
13. സജിത് കെ.എസ്

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

### 1-11-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ - ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടയ്ക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അർഹമായ ആനുകൂല്യം നൽകുന്നില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി പ്രകാരം (SO130/20) ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (200000 രൂപ), ബ്ലോക്ക് പഞ്ചായത്ത് വിഹിതവും (500000), ജില്ലാ പഞ്ചായത്ത് വിഹിതവും (200000 രൂപ) ഉൾപ്പെടെ 900000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പദ്ധതി പ്രകാരം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകാനായില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018 /തസ്വഭവ, തീയതി.14.02.2018) പ്രകാരം ക്ഷീരസംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ ഒരു കർഷകന് ഒരു വർഷം പരമാവധി 40000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2019 ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെ 3 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. തുടർ വർഷങ്ങളിൽ സംയുക്ത പദ്ധതി പ്രകാരം ആവശ്യമായ തുക വകയിരുത്തിയും ഫണ്ട് പൂർണ്ണമായും ചെലവഴിച്ചും ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 23 |
| സ്വന്തമായി കെട്ടിടമുള്ളവ | 11 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 12 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 23 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 23 |
| ചുറ്റുമതിൽ ഉള്ളവ | 7 |
| കുടിവെള്ളം ലഭ്യമായവ | 23 |

വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക (വകുപ്പ് നൽകുന്നതിൽ കൂടുതലായി ചെലവാകുന്ന തുക) ലഭ്യമാക്കുന്നതിനും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും, ചുറ്റുമതിലില്ലാത്ത കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, അങ്കണവാടികൾക്ക് ആവശ്യമായ ഫർണിച്ചർ, പാത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും, എല്ലാ അങ്കണവാടികൾക്കും ഉപയോഗയോഗ്യമായ ടോയ് ലെറ്റ് സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും, അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികൾക്ക് സൗകര്യം ഒരുക്കുന്നതിനും ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-14 തനത് വരവുകൾ പിരിച്ചെടുക്കുന്നതിൽ അലംഭാവം

താരതമ്യേന കുറഞ്ഞ തനത് വരുമാനമുള്ള ഗ്രാമപഞ്ചായത്തായിരുന്നിട്ടും, ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തുനികുതി,തൊഴിൽനികുതി എന്നിവയിൽ നിന്നുള്ള തുകകൾ പോലും പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. നികുതി-നികുതിയേതര വരവുകൾ പരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്താത്തതു കാരണം വലിയ തുക കുടിശ്ശികയായി നിലനിൽക്കുന്നു. വിവിധ തനത് വരവുകളുടെ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി-ഗാർഹികം (തൻവർഷം) | 1357158 | 1129369 | 83.21 |
| 2 | വസ്തുനികുതി-ഗാർഹികം (അരിയർ) | 455017 | 321772 | 70.72 |
| 3 | വസ്തുനികുതി-ഗാർഹികേതരം (തൻവർഷം) | 1503220 | 1202656 | 80 |
| 4 | വസ്തുനികുതി-ഗാർഹികേതരം (അരിയർ) | 827293 | 161516 | 19.52 |
| 5 | വാടക | 1570184 | 1507000 | 96 |
| 6 | തൊഴിൽ നികുതി (സ്ഥാപനം) | 258170 | 224420 | 87 |
| 7 | ലൈസൻസ് ഫീസ് | 153700 | 153300 | 99.73 |
| 8 | മാർക്കറ്റ് വരവ് | 116500 | 116500 | 100% |

ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ മുൻവർഷങ്ങളിലെ വസ്തുനികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുകകൾ പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 അനധികൃത നിർമ്മാണം ക്രമവത്ക്കരണം - ചട്ടങ്ങൾ പാലിച്ചില്ല

ചിറ്റാർ വില്ലേജിൽ മണക്കയം എന്ന സ്ഥലത്ത് സർവ്വേ നം.968/1-6-1-ലുള്ള 607 ചതുരശ്ര മീറ്റർ ഭൂമിയിൽ നിലവിലുണ്ടായിരുന്ന 3/553, 554, 555 എന്നീ നമ്പരുകളിലുള്ള വാണിജ്യാവശ്യത്തിമുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 215.84 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തുന്നതിന് ശ്രീമതി ഹബീബ, പുതുച്ചിറയിൽ എന്നയാൾക്ക് 30.08.2017-ൽ C3 BA(3248)/2017 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. വാണിജ്യാവശ്യത്തിനുള്ള നിർമ്മാണത്തിനാണ് പെർമിറ്റ് അനുവദിച്ചത്. എന്നാൽ പെർമിറ്റിനു വിരുദ്ധമായി 123.28 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വാണിജ്യാവശ്യത്തിനുള്ള (ഗണം എഫ്) നിർമ്മാണവും 212.68 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ പാർപ്പിടാവശ്യത്തിനുള്ള ഗണം എ1 നിർമ്മാണവുമാണ് നടത്തിയത്. എഫ് ഗണത്തിലുള്ള 123.28 ചതുരശ്ര മീറ്ററിന് ഒക്യുപൻസി അനുവദിക്കുന്നതിനും പെർമിറ്റ് എടുക്കാതെ നിർമ്മിച്ച എ1 ഗണത്തിലുള്ള 212.68 ചതുരശ്ര മീറ്റർ ക്രമവത്ക്കരിക്കുന്നതിനുമായി ശ്രീമതി ഹബീബ 05.04.2019-ൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു. ഒരേ കെട്ടിടത്തിലെ നിർമ്മാണവുമായി ബന്ധപ്പെട്ട ടി. അപേക്ഷകൾ ഒന്നിച്ച് ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നതിന് പകരം രണ്ട് ഫയലുകളായിട്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത് (സി3-1366/19, സി3-1367/19). ആയത് ക്രമവിരുദ്ധമായ നടപടിയാണ്. പാർക്കിംഗ്, ലീൻ റ്റു റൂഫ് എന്നിവയിൽ ചട്ട ലംഘനങ്ങൾ ഉള്ളതിനാൽ നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനും ഒക്യുപൻസി അനുവദിക്കുന്നതിനും കഴിയുകയില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 15.05.2019-ൽ റിപ്പോർട്ട് ചെയ്തിരുന്നു. ലീൻ റ്റു റൂഫ് പൊളിച്ചു മാറ്റിയതായും കെട്ടിടത്തിന്റെ മുന്നിൽ 3 കാറുകൾക്കും പിന്നിൽ 2 കാറുകൾക്കും പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ 04.07.2019-ൽ ഫയൽ നോട്ടിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ള 212.68 ചതുരശ്ര മീറ്റർ ക്രമവത്ക്കരിച്ച് 3/635 എന്ന നമ്പരും വാണിജ്യാവശ്യത്തിനുള്ള 123.28 ചതുരശ്ര മീറ്ററിന് 3/636, 637 എന്നീ നമ്പരുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ നിന്നും പാർക്കിംഗ് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാതെയാണ് ഒക്യുപൻസി, ക്രമവത്ക്കരണം എന്നിവ അനുവദിച്ചിട്ടുള്ളതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു.

നിലവിലുണ്ടായിരുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ

| | | | വിനിയോഗ ഗണം |
|---|---|---|---|
| സെല്ലാർ | 180.45 | 144.36 | എഫ് |
| തറനിരപ്പ് നില | 318.50 | 254.80 | എഫ് |
| ഒന്നാം നില | 123.28 | 98.62 | എഫ് |
| | 212.68 | 170.14 | എ1 |
| ആകെ | എഫ് ഗണം- 622.23<br>എ1 ഗണം- 212.68 | എഫ് ഗണം- 497.78<br>എ1 ഗണം- 170.14 | |

എഫ് ഗണത്തിലുള്ള കെട്ടിട ഭാഗങ്ങൾക്ക് ആകെ 497.78 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(1), 38(2) പട്ടിക 4B എന്നിവ പ്രകാരം 7 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം ആവശ്യമാണ്. കാറ്റഗറി രണ്ട് പഞ്ചായത്ത് ആയതിനാൽ ആയതിന്റെ 75 ശതമാനമായ 6 കാറുകൾ പാർക്ക് ചെയ്യുന്നതിനായി 90 ചതുരശ്ര മീറ്ററും ഇരുചക്രവാഹനങ്ങളുടെ പാർക്കിംഗിനായി 22.5 ചതുരശ്ര മീറ്ററും പാർക്കിംഗ് സ്ഥലം ആവശ്യമാണ്. കൂടാതെ 170.14 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള എ1 കെട്ടിട ഭാഗങ്ങത്തിന് ചട്ടം 38(2) പട്ടിക 4A പ്രകാരം രണ്ട് കാറുകൾക്കുള്ള പാർക്കിംഗിനായി 30 ചതുരശ്ര മീറ്ററും ഇരുചക്രവാഹന പാർക്കിംഗിനായി 7.5 ചതുരശ്ര മീറ്ററും ആവശ്യമാണ്. ഇത്തരത്തിൽ ആകെ 150 ചതുരശ്ര മീറ്റർ സ്ഥലം പാർക്കിംഗിന് ആവശ്യമാണ്. കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്ത് 3 കാറുകളുടെ പാർക്കിംഗും ഇരുചക്രവാഹന പാർക്കിംഗിനായി 18.75 ചതുരശ്ര മീറ്ററും കാണിച്ചിട്ടുണ്ട്. മുൻവശത്ത് ഏകദേശം 57 ചതുരശ്ര മീറ്റർ വിസ്തീർണ്ണം മാത്രമാണുള്ളത്. മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിയുന്നതിനുള്ള സഞ്ചാര സൗകര്യ സ്ഥലവുമുള്ളപക്ഷം, തുറസ്സായ സ്ഥലത്തിന്റെ അമ്പതു ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം മാത്രം പാർക്കിംഗ് സ്ഥലമായി കണക്കാക്കാനെ ചട്ടം 38(7) പ്രകാരം വ്യവസ്ഥയുള്ളൂ. അപ്രകാരം കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ മുൻവശത്ത് രണ്ട് കാറുകൾക്കുള്ള നിയമാനുസൃത പാർക്കിംഗ് സൗകര്യം മാത്രമേ ലഭ്യമായുള്ളൂ. കെട്ടിടത്തിന്റെ പിൻഭാഗത്ത് രണ്ട് കാറുകൾക്കുള്ള പാർക്കിംഗ് കാണിച്ചിട്ടുണ്ടെങ്കിലും അവിടെ ചട്ടം 38(4)-ൽ വ്യവസ്ഥ

ചെയ്തിട്ടുള്ള സൗകര്യങ്ങൾ ലഭ്യമല്ല.

കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു നൽകിയപ്പോൾ ഉണ്ടായ ചട്ട ലംഘനങ്ങൾ 2017-18-ലെ ഓഡിറ്റ് സമയത്ത് ചൂണ്ടിക്കാണിക്കുകയും ഓഡിറ്റ് റിപ്പോർട്ട് ഖ.2-2(2)- ൽ പരാമർശിക്കപ്പെടുകയും ചെയ്തതാണ്. നിയമവിരുദ്ധമായി അനുവദിച്ച പെർമിറ്റ് കാൻസൽ ചെയ്ത് തുടർനടപടികൾ സ്വീകരിക്കാതെ വീണ്ടും നിയമലംഘനങ്ങൾ അനുവദിച്ചു നൽകിയ നടപടിയാണുണ്ടായിട്ടുള്ളത്. കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനമുള്ള ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമില്ല. പെർമിറ്റെടുക്കാതെയോ, പെർമിറ്റിൽ അധികമായി നിർമ്മിച്ചതും എന്നാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായി പാലിച്ചിട്ടുമുള്ള നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ചു നൽകുന്നതിനാണ് ചട്ടം 134 പ്രകാരം സെക്രട്ടറിയ്ക്ക് അധികാരമുള്ളത്. കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനമുള്ള അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം അനുവദിക്കപ്പെടേണ്ടത് 2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺട്രക്ഷൻസ്) റൂൾസ് പ്രകാരമാണ്.

കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാതെ, ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു നൽകിയതിനും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ നിയമവിരുദ്ധമായി ക്രമവത്ക്കരിച്ചു നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/09.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ ഗുരുതരമായ ചട്ടലംഘനങ്ങൾക്ക് കൂട്ടു നിന്നവർക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനും കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണങ്ങൾ, ചട്ടവിരുദ്ധമായി ക്രമവത്ക്കരണം അനുവദിച്ചത് എന്നിവ സംബന്ധിച്ച് ടൗൺ പ്ലാനിംഗ് (വിജിലൻസ്) വിഭാഗം അന്വേഷണം നടത്തുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-16 അനധികൃത കെട്ടിടനിർമ്മാണം - നടപടി സ്വീകരിക്കേണ്ടവർ ചട്ടലംഘനത്തിന് കൂട്ടുനിൽക്കുന്നു

ചിറ്റാർ വില്ലേജ്, സർവ്വേ നം. 968/1A-24-ലുള്ള 222 ച.മീ ഭൂമിയിൽ 238.31 ചതുരശ്ര മീറ്റർ (ഭൂ നിരപ്പ് നില-121.94 ച.മീ, ഒന്നാം നില- 116.37 ച.മീ) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ ബ്രൈനി പി. വർഗ്ഗീസ്, പറമ്പേത്ത്, പാമ്പിനി എന്നയാൾക്ക് 14.10.2017-ൽ C1-BA(55430)/2017 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. ഭൂനിരപ്പ് നിലയുടെ നിർമ്മാണം 119.77 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ 2017-18-ൽ പൂർത്തീകരിച്ചിട്ടുള്ളതും പഞ്ചായത്തിൽ നിന്നും 2/664, 2/665, 2/666, 2/667, 2/668 എന്നീ കെട്ടിട നമ്പരുകൾ അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്. നിർമ്മാണം പൂർത്തീകരിച്ച 122.09 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒന്നാം നിലയ്ക്ക് ഒക്യുപൻസിയും നമ്പരും അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 3.55 ചതുരശ്ര മീറ്റർ (241.86-238.31) ക്രമവത്ക്കരിച്ച് 2/696 എന്ന കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിക്കാതെയാണ് ടി. കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി), 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(2) എന്നിവ ലംഘിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ടി കെട്ടിടത്തിന്റെ മുൻവശം വടശ്ശേരിക്കര-ചിറ്റാർ റോഡതിരിലും ഒരു വശം ചിറ്റാർ-പാമ്പിനി റോഡതിരിലുമാണ് സ്ഥിതി ചെയ്യുന്നത് . കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) പ്രകാരം ഇരു റോഡതിരുകളിൽ നിന്നും 3 മീറ്ററിനുള്ളിൽ ചുറ്റുമതിലല്ലാത്ത യാതൊരു നിർമ്മാണവും നടത്താൻ പാടില്ലാത്തതാകുന്നു. എന്നാൽ ഇരുറോഡുകളിൽ നിന്നും ടി ദൂരപരിധി ലംഘിച്ചും, പ്ലാനിൽ നിന്നും വ്യതിചലിച്ച് വടശ്ശേരിക്കര-ചിറ്റാർ, ചിറ്റാർ-പാമ്പിനി റോഡതിരുകളിൽ നിന്നും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്തേക്ക് ഇറക്കി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ കാണ്ടു. ഇരുവശങ്ങളിലും അല്പം പോലും തുറസ്സായ സ്ഥലം അവശേഷിപ്പിക്കാതെയാണ് നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുള്ളത്.

(ബി) കെട്ടിടത്തിന് ആകെ 193.48 ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയുണ്ട്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(2), പട്ടിക 4B പ്രകാരം മൂന്ന് കാറുകൾ പാർക്ക് ചെയ്യുന്നതിനായി 45 ചതുരശ്ര മീറ്ററും ടൂ വീലർ പാർക്കിംഗിനായി 11.25 ചതുരശ്ര മീറ്റർ ഉൾപ്പെടെ ആകെ 56.25 ചതുരശ്ര മീറ്റർ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്. കാറ്റഗറി 2 ൽ ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ 42.19 ചതുരശ്ര മീറ്റർ സ്ഥലം മതിയാകുന്നതാണ്. കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് ഒരു കാറിനും, ചിറ്റാർ-പാമ്പിനി റോഡിനോടു ചേർന്ന വരുന്ന ഭാഗത്ത് രണ്ട് കാറുകൾക്കുമുള്ള പാർക്കിംഗ് കാണിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ മുൻഭാഗത്ത് ചട്ടപ്രകാരം ഒഴിച്ചിടേണ്ട തുറസ്സായ ഭാഗങ്ങളാണ് ഇവ. മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിയുന്നതിനുള്ള സഞ്ചാരസൗകര്യ സ്ഥലവുമുള്ളപക്ഷം, തുറസ്സായ സ്ഥലത്തിന്റെ അമ്പതു ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം മാത്രം പാർക്കിംഗ് സ്ഥലമായി കണക്കാക്കാനെ ചട്ടം 38(7) പ്രകാരം വ്യവസ്ഥയുള്ളൂ. ചിറ്റാർ-പാമ്പിനി റോഡിനോടു ചേർന്ന വരുന്ന ഭാഗം റോഡു ലെവലിൽ നിന്നും താഴ്ന്ന ഭാഗം ആയതിനാൽ അവിടെ പാർക്കിംഗ് സാധ്യമല്ലായെന്ന് പരിശോധനയിൽ വ്യക്തമായി. ടി സ്ഥലം ഉൾപ്പെടെ പാർക്കിംഗ് കാണിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിയമവിരുദ്ധമായി നിർമ്മാണം

നടത്തിയിട്ടുള്ളതിനാൽ പാർക്കിംഗിന് അല്പം പോലും സ്ഥലം പുരയിടത്തിൽ ഇല്ല.

(സി)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് എന്നിവയില്ലാതെയാണ് സെക്രട്ടറി കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച് നൽകിയിട്ടുള്ളത്. ചട്ട ലംഘനം (220ബി) ഇല്ലായെന്നും, റോഡതിരുകളിൽ നിന്നും 3 മീറ്ററിലധികം ദൂരത്തിലാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും പ്രസ്താവിക്കുന്ന ഒരു അന്വേഷണ റിപ്പോർട്ട്, നമ്പർ അനുവദിക്കാവുന്നതാണെന്ന വാർഡ് ക്ലർക്കിന്റെ റിപ്പോർട്ട് എന്നിവ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിൽ ഒപ്പ് വച്ചിരിക്കുന്നത് ഷംനാദ് എന്ന വ്യക്തിയാണ്. കംപ്ലീഷൻ പ്ലാനിൽ, 'പ്ലാൻ വെരിഫൈഡ്'' എന്ന് രേഖപ്പെടുത്തിയും ടിയാൻ ഒപ്പ് വച്ചിട്ടുണ്ട്. അന്വേഷണത്തിൽ ടിയാൻ ടി കാലയളവിൽ ജോലി ചെയ്തിരുന്ന ഓഫീസ് അറ്റൻഡന്റ് ആണെന്ന് അറിയാൻ കഴിഞ്ഞു. സാങ്കേതിക വിഭാഗം നടത്തേണ്ട പരിശോധന നടത്താൻ ഓഫീസ് അറ്റൻഡന്റിനെ ചുമതലപ്പെടുത്തിയത് സംബന്ധിച്ചും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിയമപരമായി ചുമതലപ്പെടുത്തിയിട്ടുള്ള സാങ്കേതിക വിഭാഗത്തിന്റെ പരിശോധന ഒഴിവാക്കി നിയമവിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (10/09.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടത്തിന് പെർമിറ്റ്, തറനിരപ്പ് നിലയ്ക്ക് ഒക്യുപൻസി എന്നിവ അനുവദിച്ചതിൽ ഇതേ ചട്ടലംഘനങ്ങൾ ഉണ്ടായിരുന്നു. ആയത് 2017-18-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.2-1-ൽ പരാമർശിക്കുകയും നിയമപരമായ തുടർനടപടികൾക്ക് ശുപാർശ ചെയ്തിരുന്നതുമാണ്. നിയമവിരുദ്ധമായ നിർമ്മാണം ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടികളും സ്വീകരിക്കാതെ ചട്ടലംഘനങ്ങൾക്ക് കൂട്ടു നിൽക്കുന്ന നടപടിയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. ആയത് ഗൗരവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ ഗുരുതരമായ ചട്ടലംഘനങ്ങൾക്ക് കൂട്ടു നിന്നവർക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനും, കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണങ്ങൾക്ക് ടൗൺ പ്ലാനിംഗ് (വിജിലൻസ്) വിഭാഗത്തിന്റെ അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

## 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ., ഇൻഡസ് ടവേഴ്സ് ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ബി.എസ്.എൻ.എൽ. ടവറുകളിൽ നിന്നും 2013-14 മുതലുള്ള കുടിശ്ശിക തുക ഈടാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവ്വറിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 2/275, ഇൻഡസ് ടവ്വേഴ്സ് | 2018-19 – 2019-20 | 28014 |
| 2 | 2/633, ബി.എസ്.എൻ.എൽ | 2013-14 – 2019-20 | 105105 |
| 3 | 3/564, ബി.എസ്.എൻ.എൽ | 2013-14 – 2019-20 | 80850 |
| | ആകെ | | 213969 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/11.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-18 എസ്.എസ്.എ. വിഹിതം-വിനിയോഗ വിവരങ്ങളിൽ പൊരുത്തക്കേട്

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ. വിഹിതം നൽകുന്നതിന് ജനറൽ, എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങൾക്കായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതികളുടെ വിശദാംശങ്ങളും ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| എസ്.എസ്.എ. വിഹിതം നൽകൽ (ജനറൽ), 28/20 | 450000 | 450000 |
| എസ്.എസ്.എ. വിഹിതം നൽകൽ (എസ്.സി.പി.), 29/20 | 200000 | 200000 |
| എസ്.എസ്.എ. വിഹിതം നൽകൽ (റ്റി.എസ്.പി.), 30/21 | 100000 | 100000 |

| | | |
|---|---|---|
| ആകെ | 750000 | 750000 |

ആകെ 750000 രൂപ എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസറുടെ 1982101019851 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. എസ്.എസ്,എ, ആർ.എം.എസ്.എ. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ (സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി:29.01.2018) ഖണ്ഡിക 7.6(3)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്കാളിയായതിന്റെ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2019-20-ലെ പദ്ധതി പ്രവർത്തനങ്ങൾക്ക് 895663.47 രൂപ അനുവദിക്കണമെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ കത്തിലൂടെ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 750000 രൂപ അനുവദിച്ച് നൽകുകയുമാണുണ്ടായിട്ടുള്ളത്. എന്നാൽ കത്തിനോടൊപ്പമുള്ള പ്രോജക്ട് റിപ്പോർട്ട് പ്രകാരം ചിറ്റാർ പഞ്ചായത്തിലെ ആകെ പ്രോജക്ട് കോസ്റ്റ് 2498000 രൂപയും തദ്ദേശഭരണസ്ഥാപന വിഹിതം ആയതിന്റെ 40% ആയ 999200 രൂപയുമാണ്. തുകകൾ തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു. എസ്.എസ്.എ.യിൽ നിന്നുള്ള 750000 രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനൊപ്പം ഹാജരാക്കിയിട്ടുള്ള 2019-20-ലെ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം എസ്.എസ്.എ. പ്രോജക്ടിനായി ആകെ ചെലവഴിച്ചത് 1168142 രൂപ മാത്രമാണ്. ആയതിന്റെ 40% ശതമാനം കണക്കാക്കിയാൽ ചെലവഴിക്കപ്പെട്ട തദ്ദേശഭരണസ്ഥാപന വിഹിതം 467259 രൂപ മാത്രമാണ്. എന്നാൽ 750000 രൂപ ചെലവഴിച്ചതായി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുമുണ്ട്. 390000 രൂപ സിവിൽ വർക്കുകൾക്കായി ചെലവഴിച്ചതായി എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. ഏതൊക്കെ സ്കൂളുകളിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുകകൾ തമ്മിലുള്ള പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടും ഓഡിറ്റ് എൻക്വയറി (13/09.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട വിവരങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കലില്ലാത്തവ എസ്.എസ്.എ.യിൽ നിന്നും ശേഖരിച്ച് അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 വളവും നടീൽ വസ്തുക്കളും ടെൻഡറില്ലാതെ കെയ്ക്കോയിൽ നിന്നും നേരിട്ട് വാങ്ങി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20-ൽ വിവിധ കാർഷിക വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ, ജൈവവളം, ജൈവ കീടനാശിനി എന്നിവ വിതരണം ചെയ്യുന്ന 11 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എല്ലാ പദ്ധതികളിലുമായി ആകെ 2391580 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 9 പദ്ധതികളിലും നടീൽ വസ്തുക്കൾ, ജൈവവളം, ജൈവ കീടനാശിനി എന്നിവ കെയ്ക്കോയിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെ വാങ്ങി വിതരണം ചെയ്യുകയാണുണ്ടായിട്ടുള്ളത്. 25 രൂപ നിരക്കിലുള്ള 28 കിലോ ഗ്രാം ജൈവവളവും 100 രൂപ നിരക്കിലുള്ള 2 കിലോ ഗ്രാം ജൈവകീടനാശിനിയും ഒരു യൂണിറ്റായി കണക്കാക്കി, ആകെ വിലയായ 900 രൂപയിൽ 675 രൂപ (75%) സബ്സിഡിയും 225 രൂപ (25%) ഗുണഭോക്തൃ വിഹിതവും എന്ന നിലയിലാണ് പദ്ധതി നടപ്പിലാക്കിയത്. ആകെ 1804465 രൂപയുടെ സാധനസാമഗ്രികൾ കെയ്ക്കോയിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെ വാങ്ങിയിട്ടുണ്ട്. കെയ്ക്കോ സ്വന്തമായി ഉൽപ്പാദിപ്പിക്കാതെ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി വിതരണം നടത്തിയ സാധനങ്ങളാണിവ. സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെൻഡർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള അനുമതി സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയും അങ്ങനെയല്ലാത്തവ നിർബന്ധമായും പരസ്യ ടെൻഡർ മുഖേന വാങ്ങേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ)നം.3299/2016/തസ്വഭവ തീയതി: 02.12.2016). കൂടാതെ കെയ്ക്കോ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധനസാമഗ്രികളും മാത്രം ടെൻഡർ കൂടാതെ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയാണ് 18.12.2019-ൽ സ.ഉ.(സാധാ)നം.2881/2019/ തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. വാങ്ങലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ഫണ്ടിനം | ചെലവഴിച്ച തുക | കെയ്ക്കോയിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | സമഗ്ര പച്ചക്കറി കൃഷി, 46/20 | 400000 | വികസന ഫണ്ട് (ജനറൽ) | 299800 | ജൈവവളം, ജൈവകീടനാശിനി- 248400<br>പച്ചക്കറി വിത്ത്- 51400 |
| 2 | സമഗ്ര പച്ചക്കറി കൃഷി | 350000 | എസ്.സി.പി. | 57000 | ജൈവവളം, ജൈവകീടനാശിനി-51300 |

| | | | | | |
|---|---|---|---|---|---|
| | (എസ്.സി.പി.), 58/20 | | | | പച്ചക്കറി വിത്ത്- 5700 |
| 3 | സമഗ്ര കുരുമുളക് കൃഷി, 43/20 | 300000 | വികസന ഫണ്ട് (ജനറൽ) | 256500 | ജൈവവളം, ജൈവകീടനാശിനി-256500 |
| 4 | സമഗ്ര കുരുമുളക് കൃഷി (എസ്.സി.പി.) 58/20 | 200000 | എസ്.സി.പി. | 38700 | ജൈവവളം, ജൈവകീടനാശിനി-38700 |
| 5 | സമഗ്ര വാഴകൃഷി, 40/20 | 500000 | വികസന ഫണ്ട്(ജന.) | 495600 | ജൈവവളം, ജൈവകീടനാശിനി-318600<br>വാഴ വിത്ത്-177000 |
| 6 | സമഗ്ര വാഴകൃഷി (എസ്.സി.പി), 50/20 | 200000 | എസ്.സി.പി. | 90525 | ജൈവവളം, ജൈവകീടനാശിനി-63900<br>വാഴ വിത്ത്-26625 |
| 7 | സമഗ്ര വാഴകൃഷി (റ്റി.എസ്.പി), 60/20 | 100000 | റ്റി.എസ്.പി. | 51000 | ജൈവവളം, ജൈവകീടനാശിനി-36000<br>വാഴ വിത്ത്-15000 |
| 8 | സമഗ്ര തെങ്ങ് കൃഷി, 42/20 | 532300 | വികസന ഫണ്ട് (ജന.) -400000<br>ഗുണഭോക്തൃ വിഹിതം -37800 | 434700 | ജൈവവളം, ജൈവകീടനാശിനി-283500<br>തെങ്ങിൻ തൈ-151200 |
| 9 | സമഗ്ര തെങ്ങ് കൃഷി (എസ്.സി.പി.), 54/20 | 200000 | എസ്.സി.പി. | 80640 | ജൈവവളം, ജൈവകീടനാശിനി-57600<br>തെങ്ങിൻ തൈ-23040 |
| | ആകെ | | | 1804465 | 1804465 |

പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ ജനറൽവിഭാഗത്തിലെ ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതമായി 225 രൂപ വീതം കെയ്കോയ്ക്ക് നേരിട്ട് നൽകിയിട്ടുമുണ്ട്. വളത്തിന്റെയും കീടനാശിനിയുടെയും ബില്ലുകൾ കർഷകരുടെ പേരിലാണ്. കർഷകരുടെ സബ്സിഡി കണക്കാക്കിയ സ്റ്റേറ്റ്മെന്റും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി തുക കർഷകർക്കല്ല അനുവദിച്ചിട്ടുള്ളത്. മുഴുവൻ തുകയും കെയ്കോയ്ക്ക് നേരിട്ടാണ് അനുവദിച്ച നൽകിയിരിക്കുന്നത്. കർഷകരുടെ പേരിലുള്ള കെയ്കോയുടെ ബില്ലുകളുടെ വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ പേരിലുള്ള ഒറിജിനൽ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 11.03.2022-ൽ ഓഡിറ്റ് എൻക്വയറി (നം.19) നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃഷിഭവനുകളിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയ പെർമിറ്റുകളുടെ പകർപ്പുകൾ ഹാജരാക്കുകയുണ്ടായി. പെർമിറ്റുകളിൽ ജൈവവളം, ജൈവ കീടനാശിനി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവയുടെ പേരുകൾ രേഖപ്പെടുത്തിയിട്ടില്ല. ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഏതൊക്കെ വളങ്ങളും കീടനാശിനികളുമാണ് വാങ്ങിയതെന്നോ, അവയുടെ വില ജില്ലാ തലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിൽ അധികരിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. എല്ലാ പദ്ധതികളിലും ഒരു ഗുണഭോക്താവിന് 28 കിലോ ഗ്രാം വളവും 2 കിലോ ഗ്രാം കീടനാശിനിയും വീതമാണ് വിതരണം നടത്തിയിട്ടുള്ളത്. ആനുകൂല്യം അനുവദിക്കുന്നതിന് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയോ, കാർഷിക വിളകളുടെ തരമോ, എണ്ണമോ പരിഗണിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക്

വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/11.03.2022), പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങൽ സംബന്ധിച്ച പരാമർശിക്കപ്പെട്ടിട്ടുള്ള ഉത്തരവുകളെപ്പറ്റി അറിവില്ലായിരുന്നുവെന്നും, ജൈവവളം, കീടനാശിനി എന്നിവ വ്യക്തിഗത പെർമിറ്റ് മുഖേന കെയ്കോ എന്ന സ്ഥാപനത്തിലൂടെ നൽകിയതിനാലാണ് സബ്സിഡി തുക കെയ്കോയ്ക്ക് നേരിട്ട് നൽകിയതെന്നും, കാർഷികവിളകളുടെ വിസ്തൃതിയും എണ്ണവും നേരിൽ കണ്ട് പരിശോധിച്ചാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകളും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നടീൽ വസ്തുക്കൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ ടെൻഡർ നടപടികൾ കൂടാതെ കെയ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതും ഗൗരവകരമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കുവാൻ പാടുള്ളതല്ല. വിഷയം വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 പദ്ധതി നടത്തിപ്പിലെ അനാസ്ഥമൂലം പഞ്ചായത്തിന് നഷ്ടമായത് 2.22 കോടി രൂപ

2019-20 വർഷം ലഭിച്ച വിവിധ ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഫണ്ട് ഇനം | വരവ് | ചെലവ് | ലാപ്സായ തുക (ക്യൂ ബില്ലിലെ തുക ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15752000 | 9362631 | 6220659 | 59.44 |
| വികസന ഫണ്ട് (എസ്.സി.പി) | 6382000 | 2286602 | 3514572 | 35.83 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 1919000 | 552526 | 1028555 | 28.79 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9283288 | 764108 | 6700000 | 8.23 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10151000 | 3830110 | 3493105 | 37.73 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4482000 | 2814716 | 1315856 | 62.8 |
| | | | 22272747 | |

വികസന ഫണ്ട് (ജനറൽ), റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവ ഒഴികെ മറ്റ് എല്ലാ ഫണ്ടുകളുടെയും ചെലവ് വളരെ കുറവാണ്. പഞ്ചായത്ത് ഭരമസമിതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗത്തിൽ ഫണ്ട് യഥാസമയം ചെലവഴിക്കാത്തതിന്റെ കാരണങ്ങൾക്ക് (ഗുണഭോക്താക്കളുടെ അഭാവം, ഗുണഭോക്തൃ വിഹിതം ഒടുക്കാനുള്ള പ്രയാസം, ടെണ്ടർ നടപടികളുടെ കാലതാമസം, സാധനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെ) പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 സ്കൂളുകൾക്കും ക്ലബ്ബുകളും ആനുകാലിക പ്രസിദ്ധീകരണങ്ങൾ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്കും ലൈബ്രറികൾക്കും ക്ലബ്ബുകൾക്കും ദിനപത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും നൽകാനുള്ള രണ്ട് പ്രോജക്ടുകൾ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

(എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സ്കൂളുകൾക്കും ക്ലബ്ബുകളും ആനുകാലിക പ്രസിദ്ധീകരണങ്ങൾ (135/20) |
| വകയിരുത്തൽ | 200000 (വികസന ഫണ്ട് ) |
| ചെലവ് | 142472<br>ട്രഷറി ബിൽ നം.19051152001000556997/6.9.2019 – 2925<br>ട്രഷറി ബിൽ നം.19051152001000676405/14.10.2019 – 2925 |

| | |
|---|---|
| | ട്രഷറി ബിൽ നം.19051152001000789227/7.11.2019 – 2925<br>ട്രഷറി ബിൽ നം.19051152001000917412/07.12.2019 – 2925<br>ട്രഷറി ബിൽ നം.19051152001000996162/26.12.2019– 74690<br>ട്രഷറി ബിൽ നം.19051152001000112276/22.1.2020 – 2925<br>ട്രഷറി ബിൽ നം.19051152001001219026/06.2.2020 – 2925<br>ട്രഷറി ബിൽ നം.19051152001001468841/12.3.2020 – 2925<br>ട്രഷറി ബിൽ നം.19051152001001583795/23.3.2020 – 44382<br>ട്രഷറി ബിൽ നം.19051152001001669996/31.3.2020 – 2925 |

ചിറ്റാർ ഗ്രാമപഞ്ചായത്തിലെ 10 സ്കൂളുകൾക്കും 3 ലൈബ്രറികൾക്കും ദിനപത്രം വാങ്ങി നൽകുന്നതിനും, 16 ക്ലബ്ബുകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങിനൽകുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ആയതിന് പ്രകാരം 10 സ്കൂളുകൾക്ക് 8/2019 മുതൽ 3/2020 വരെ മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി ദിനപത്രങ്ങളും 3 ക്ലബ്ബുകൾക്ക് മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി, ഹിന്ദു എന്നീ ദിനപത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 16 ക്ലബ്ബുകൾക്ക് മാതൃഭൂമി ജി.കെ, സ്പോർട്ട്സ് മാസിക, യാത്ര, തൊഴിൽ വാർത്ത, സമ്പാദ്യം, ഫാസ്റ്റ് ട്രാക്ക്, ദേശാഭിമാനി വാരിക, കർശകശ്രീ, വീട്, ഡയജസ്റ്റ്, സ്ത്രീശബ്ദം, തത്തമ്മ, യുവധാര, നവയുഗം എന്നീ ആനുകാലികം പ്രസിദ്ധീകരണങ്ങളും നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു-

1. ചിറ്റാർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, വയ്യാറ്റുപുഴ വി.കെ.എൻ.എം.വി.എച്ച്.എസ്.എസ് എന്നീ സ്കൂളുകൾക്ക് പത്ര വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതല്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/10.3.22) മറുപടിയായി വികെഎൻഎംവിഎച്ച്എസ്എസിൽ ലോവർ പ്രൈമറി വിഭാഗം ഉണ്ടെന്നും സ്കൂളുകളിൽ സാമ്പത്തികശേഷി കുറവുള്ള വിദ്യാർത്ഥികൾ ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2. 3 ലൈബ്രറികളും സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളയവാണോ എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉണ്ടെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ അറിയിച്ചത്.

3. 16 ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പ്രസിദ്ധീകരണങ്ങൾ പ്രസ്തുത ക്ലബ്ബുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് സംബന്ധിച്ച് വിവരങ്ങളും ലഭ്യമല്ല. പ്രസ്തുത ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമല്ല. രസിസ്ട്രേഷൻ സംബന്ധിച്ച രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കാൻ ക്ലബ്ബുകളെ അറിയിച്ചുണ്ടെന്നും, പ്രവർത്തന മികവാണ് ക്ലബ്ബുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ അറിയിച്ചത്

ലൈബ്രറികളുടെ അംഗീകാരം സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. യാതൊരും രേകകളുമില്ലാതെ വിവിധ ക്ലബ്ബുകൾക്ക് ആനുകാലികങ്ങൾ വിതരണം നടത്തിയത് അംഗീകരിക്കുന്നില്ല. ഇതിന് ചെലവായ 119072 രൂപ (74690+44382) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതാണ്.

(ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സ്കൂളുകൾക്കും ക്ലബ്ബുകളും ആനുകാലിക പ്രസിദ്ധീകരണങ്ങൾ (165/20) |
| വകയിരുത്തൽ | 154460 (വികസന ഫണ്ട് ) |
| ചെലവ് | 123390<br>ട്രഷറി ബിൽ നം.19051152001000555627/06.9.2019 – 117540<br>ട്രഷറി ബിൽ നം.19051152001000292536/01.7.2019 – 5850 |

പഞ്ചായത്തിലെ 10 സ്കൂളുകൾക്കും ദിനപത്രം വാങ്ങി നൽകുന്നതിനും, 4 ലൈബ്രറികൾക്കും 12 ക്ലബ്ബുകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങി നൽകുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ആയതിന് പ്രകാരം 10 സ്കൂളുകൾക്ക് 7/2018 മുതൽ 3/2019 വരെ മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി (3/19 മാത്രം), ജനയുഗം (3/19 മാത്രം) ദിനപത്രങ്ങളും 4 ക്ലബ്ബുകൾക്ക് ഹിന്ദു ദിനപത്രവും, 3 ക്ലബ്ബുകൾക്ക് 3/2019-ൽ ദേശാഭിമാനി, ജനയുഗം എന്നീ ദിനപത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 12 ക്ലബ്ബുകൾക്ക് മാതൃഭൂമി ജി.കെ, സ്പോർട്ട്സ് മാസിക, യാത്ര, തൊഴിൽ വാർത്ത, സമ്പാദ്യം, ഫാസ്റ്റ് ട്രാക്ക്, ദേശാഭിമാനി വാരിക, കർശകശ്രീ, വീട്, ഡയജസ്റ്റ്, സ്ത്രീശബ്ദം, തത്തമ്മ, യുവധാര, നവയുഗം എന്നീ ആനുകാലികം പ്രസിദ്ധീകരണങ്ങളും നൽകിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട

അപാകതകൾ ചുവടെ ചേർക്കുന്നു-

1. ചിറ്റാർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, വയ്യാറ്റുപുഴ വി.കെ.എൻ.എം.വി.എച്ച്.എസ്.എസ് എന്നീ സ്കൂളുകൾക്ക് പത്ര വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതല്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/10.3.22) മറുപടിയായി വി.കെ.എൻ.എം.വി.എച്ച്.എസ്.എസിൽ ലോവർ പ്രൈമറി വിഭാഗം ഉണ്ടെന്നും സ്കൂളുകളിൽ സാമ്പത്തികശേഷി കുറവുള്ള വിദ്യാർത്ഥികൾ ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2. 4 ലൈബ്രറികളും സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളയവാണോ എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉണ്ടെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ അറിയിച്ചത്.

3. 12 ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പ്രസിദ്ധീകരണങ്ങൾ പ്രസ്തുത ക്ലബ്ബുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് സംബന്ധിച്ച് വിവരങ്ങളും ലഭ്യമല്ല. രസിസ്ട്രേഷൻ സംബന്ധിച്ച രേഖകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കാൻ ക്ലബ്ബുകളെ അറിയിച്ചുണ്ടെന്നും, പ്രവർത്തന മികവാണ് ക്ലബ്ബുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ അറിയിച്ചത്.

ലൈബ്രറികളുടെ അംഗീകാരം സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. യാതൊരു രേകകളുമില്ലാതെ വിവിധ ക്ലബ്ബുകൾക്ക് ആനുകാലികങ്ങൾ വിതരണം നടത്തിയത് അംഗീകരിക്കുന്നില്ല. ഇതിന് ചെലവായ 51300 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതാണ്.

## 1-22 മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്

സേവന പെൻഷൻ സോഫ്റ്റ് വെയറിലെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ വിവരങ്ങളും പഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ അനുവദിച്ചിട്ടുള്ളതായി കണ്ടു.

| ക്രമ നം. | പേരും മേൽവിലാസവും | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | തങ്കമ്മ,<br>വട്ടത്തറ, വയ്യാറ്റുപുഴ പി.ഒ | വിധവാ പെൻഷൻ | 11.1.2019 | 2/19 - 7/19 | 1200 X 6 = 7200 |
| 2 | ശോശാമ്മ ദാനിയേൽ,<br>പരുത്യാനിക്കൽ, ചിറ്റാർ | വാർദ്ധക്യകാല പെൻഷൻ | 2.1.2019 | 2/19 - 7/19 | 1200 X 6 = 7200 |
| 3 | വിശ്വനാഥൻ,<br>ഐശ്ശേരിൽ വീട്,<br>കാരികയം | വാർദ്ധക്യകാല പെൻഷൻ | 2.1.2019 | 2/19 - 7/19 | 1200 X 6 = 7200 |
| 4 | ഓമന പി ജി,<br>പുതുപ്പറമ്പിൽ,<br>കുളങ്ങരവാലി | വികലാംഗ പെൻഷൻ | 3.1.2019 | 2/19 - 7/19 | 1200 X 6 = 7200 |
| 5 | തങ്കമ്മ,<br>തട്ടാമണ്ണിൽ വീട്,<br>വയ്യാറ്റുപുഴ | വാർദ്ധക്യകാല പെൻഷൻ | 10.1.2019 | 2/19 - 7/19 | 1500 X 6 = 9000 |
| 6 | ദേവകി കുഞ്ഞപ്പൻ,<br>വള്ളിപ്പറമ്പിൽ, ചിറ്റാർ | വാർദ്ധക്യകാല പെൻഷൻ | 24.1.2019 | 2/19 - 7/19 | 1200 X 6 = 7200 |
| 7 | ദേവകി,<br>വാഴയിൽ, നീലിപിലാവ് | വാർദ്ധക്യകാല പെൻഷൻ | 4.2.2019 | 3/19 - 7/19 | 1200 X 5 = 6000 |
| 8 | കുഞ്ഞൂഞ്ഞമ്മ,<br>കാരിക്കോട്, നീലിപിലാവ് | കർഷക തൊഴിലാളി പെൻഷൻ | 6.2.2019 | 3/19 - 7/19 | 1200 X 5 = 6000 |

| | | | | | |
|---|---|---|---|---|---|
| 9 | ഗോപി ആചാരി കെ ബി,<br>കൊച്ചുവീട്, ചിറ്റാർ | വാർദ്ധക്യകാല<br>പെൻഷൻ | 20.4.2019 | 5/19 - 7/19 | 1200 X 3<br>= 3600 |
| 10 | രാമൻകുട്ടി,<br>പാറയ്ക്കൽ, കാരികയം | വാർദ്ധക്യകാല<br>പെൻഷൻ | 27.4.2019 | 5/19 - 7/19 | 1200 X 3<br>= 3600 |
| 11 | ശാരദാമ്മ,<br>ചിറ്റേഴത്ത് വീട്, ചിറ്റാർ | വിധവ<br>പെൻഷൻ | 31.5.2019 | 6/19 - 7/19 | 1200 X 2<br>= 2400 |
| 12 | സരസമ്മ,<br>പാലത്തുണ്ടിയിൽ, ചിറ്റാർ | വാർദ്ധക്യകാല<br>പെൻഷൻ | 15.6.2019 | 7/19 | 600 X 1<br>= 600 |
| 13 | രമ എ ആർ,<br>ആര്യപ്പള്ളിൽ, കാരികയം | വിധവ<br>പെൻഷൻ | 23.7.2018 | 8/19 - 7/19 | 1100 X 8<br>+ 1200 X<br>4<br>= 13600 |
| 14 | റഹീമാ ബീവി,<br>കുളത്തുങ്കൽ, വയ്യാറ്റുപുഴ | വാർദ്ധക്യകാല<br>പെൻഷൻ | 17.6.2019 | 7/19 | 1500 X 1<br>= 1500 |
| 15 | ചാക്കോ കുഞ്ഞുമോൻ,<br>വെള്ളാംകുഴിയിൽ | വാർദ്ധക്യകാല<br>പെൻഷൻ | 27.6.2019 | 7/19 | 1200 X 1<br>= 1200 |
| 16 | രാജമ്മാൾ,<br>വടക്കേപറമ്പിൽ | വാർദ്ധക്യകാല<br>പെൻഷൻ | 27.6.2019 | 7/19 | 1500 X 1<br>= 1500 |
| 17 | ഏലിയാമ്മ ശാമുവൽ,<br>കാഞ്ഞിരംനിൽക്കുന്നതിൽ,<br>ചിറ്റാർ | വാർദ്ധക്യകാല<br>പെൻഷൻ | 12.9.2017 | 10/17-7/19 | 1500 X<br>22<br>= 33000 |

അനുവദിച്ച തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ഈടാക്കാത്തപക്ഷം ആയതിന്റെ കാരണവും പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/11.3.2022) മറുപടി ലഭ്യമാക്കിയില്ല. അനർഹമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകിയത് ക്രമമല്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | വ്യക്തിഗത ഗാർഹിക ശൗചാലയത്തിന് ഫണ്ട് (220/20) |
| വകയിരുത്തൽ | 120000 (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>34000 (തനത് ഫണ്ട്) |
| ചെലവ് | 108000 (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>30600 (തനത് ഫണ്ട്) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഗാർഹിക ശൗചാലയം നിർമ്മിക്കുന്നതിന് 15400 രൂപ വീതം നൽകിയിട്ടുണ്ട്. (12000 - കേന്ദ്രാവിഷ്കൃത ഫണ്ട്, 3400 - തനത് ഫണ്ട്) തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ അപേക്ഷ, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ മാത്രാണുള്ളത്. ശൗചാലയം നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ്, ചെലവ് വിവരങ്ങൾ, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവയൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/6.3.22) ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ശൗചാലയ നിർമ്മാണത്തെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 138600 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം - ഫൈൻ ഒടുക്കയിത് അനുവദിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ചെക്ക് നമ്പർ 30249/25.3.2020

പ്രകാരം 181170 രൂപ ഒടുക്കിയിട്ടുണ്ട്. ഇതിൽ ഫെബ്രുവരി 2020, മാർച്ച് 2020 എന്നീ മാസങ്ങളിലെ 89688 രൂപയും ഫൈൻ ഇനത്തിലുള്ള 1794 രൂപയും ഉൾപ്പെടുന്നു. ഫൈൻ അടവാക്കിയിത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/6.3.22) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിൽ ഒടുക്കിയ 1794 രൂപ ഓഡിറ്റിൽ അനുവദിക്കുന്നിവിതമുള്ള തുക കൂടാതെല്ല. പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്കുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1. ബാലസഭാ പ്രവർത്തനങ്ങൾ (159/20) (ചെലവ്- 24300)

2. കുടിവെള്ള ഗാർഹിക കണക്ഷൻ (160/20) (ചെലവ് - 13583)

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിനും (12/09.03.22) തുടർന്ന് നൽകിയ സമൻസിനും (10.03.22) മറുപടിയായി നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും എന്നാൽ ടിയാൾ ഓഡിറ്റ് വേളയിൽ രേഖകൾ കണ്ടെത്തുന്നതിന് സഹകരിച്ചില്ലെന്നുമാണ് അറിയിച്ചത്. മതിയായ രേഖകൾ ഹാജരാക്കാത്തപക്ഷം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും സംവിധാനവും) ചട്ടങ്ങൾ 12-2(2) പ്രകാരം രേഖകൾ ഇല്ല എന്ന നിഗമനത്തിൽ ചെലവ് തുകയായ 37883 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 വാട്ടർ ചാർജ്ജിലെ കുടിശ്ശികയിനത്തിൽ വ്യക്തതയില്ലാതെ തുക ഒടുക്കുന്നു

പഞ്ചായത്തിലെ വിവിധ സ്ഥപനങ്ങളിലെ വാട്ടർ ചാർജ്ജജിനത്തിൽ ഒടുക്കിയ തുകയിൽ കുടിശ്ശിക ഉൾപ്പെട്ടിട്ടുണ്ട്. കുടിശ്ശികയുണ്ടായത് സംബന്ധിച്ച് വ്യക്തയില്ലാതാണ് പഞ്ചായത്ത് തുക അടച്ചിട്ടുള്ളത്. വിവരങ്ങൾ താഴെ ചേർക്കുന്നു-

1. ചിറ്റാർ കംഫർട്ട് സ്റ്റേഷനിലെ (കൺസ്യൂമർ നം.2312208994) 04.12.2019-ലെ വാട്ടർ ചാർജ്ജ് ബിൽ പ്രകാരം 4938 രൂപ ഒടുക്കിയിട്ടുണ്ട്. (ചെക്ക് നം.29260/20.1.2020) ഇതിൽ 3758 രൂപ അഡീഷണൽ തുക എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതേ പോലെ, 05.02.2020-ലെ ബിൽ പ്രകാരം 6658 രൂപയിൽ 5142 രൂപ അഡീഷണൽ തുക എന്നിനത്തിലുള്ളതാണ്.

2. ജി.എൽ.പി.എസ്, ചിറ്റാർ എസ്റ്റേറ്റിലെ 3/16 മുതൽ 07.06.19 വരെയുള്ള വാട്ടർ ചാർജ്ജിനത്തിൽ 12610 രൂപ ഒടുക്കിയിട്ടുണ്ട്. (ചെക്ക് നം.27344/24.06.2019) വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മൂന്ന് വർഷത്തെ വാട്ടർ ചാർജ്ജ് ഒരുമിച്ച് ഒടുക്കുവാൻ ഉണ്ടായ സാഹചര്യം വ്യക്തമല്ല.

3. ജി.എൽ.പി.എസ്, കൂത്താട്ടുകുളത്തെ 05.02.2020-ലെ ബിൽ പ്രാകരം (കൺസ്യൂമർ നം.2312209148) വാട്ടർ ചാർജ്ജിനത്തിൽ 25979 രൂപ ഒടുക്കിയിട്ടുണ്ട്. (ചെക്ക് നം.29898/28.02.2020) ഇതിൽ 24015 രൂപ അഡീഷമൽ തുക എന്നാണ് കാണിച്ചിട്ടുള്ളത്. പ്രസ്തുത തുക കുടിശ്ശികയിനത്തിലുള്ളതാണോ എന്നും, കുടിശ്ശികയുണ്ടാകാനുള്ള സാഹചര്യവും ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (യഥാക്രമം 5/6.3.22, 6/6.3.22, 7/6.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയുണ്ടാകാനുള്ള കാരണം കണ്ടെത്തുകയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-27 ശബരിമല ഫണ്ട് - അവലോകനം

ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ശബരിമല സ്പെഷ്യൽ ഫണ്ട് നൽകുന്നത്. ആയതിന്റെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2018-19 | 1500000 | 1500000 | 3000000 | 1700214 | 1299786 |
| 2019-20 | 1299786 | 1500000 | 2799786 | 1577732 | 1222054 |

2019-20 സാമ്പത്തിക വർഷം ശബരിമല ഫണ്ടിനത്തിൽ 157732 രൂപ ചെലവഴിച്ചിട്ടുണ്ട്. ശബരിമല ഇടത്താവളിന്റെ അടിസ്ഥാന സൗകര്യ വികസനം, ശബരിമല പാതയിൽ പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, ശബരിമല ഇടത്താവളം വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾക്കാൻ തൻ വർഷം ശബിമല ഫണ്ട് വിനിയോഗിച്ച് ചെയ്തിട്ടുള്ളത്. മുൻ വർഷങ്ങളിലെ പോലെ തന്നെ നടപ്പിലാക്കിയ പ്രോജക്കുകളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. പഞ്ചായത്ത് ചെലവഴിക്കുന്ന തുക തീർത്ഥാടകരുടെ ക്ഷേമത്തിന് പ്രയോജനപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന കാര്യമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ശബരിമല തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ

ഒരുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും ഇവയുടെ കൃത്യമായും സമയബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫണ്ട് വിനിയോഗം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്.

വർഷാവസാനം (31.03.2020-ന്) ഫണ്ടിനത്തിൽ 1222054 രൂപ അവശേഷിക്കുന്നുണ്ട്. നിലവിൽ ശബരിമല സ്പെഷ്യൽ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് കാരണം പ്രസ്തുത ഫണ്ട് പഞ്ചായത്തിന്റെ മറ്റ് അവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ സാദ്ധ്യതയുള്ളതിനാൽ സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

### 1-28 വിവിധ ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

പഞ്ചായത്തിന് മുൻ വർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

1. കക്കൂസ് നിർമ്മാണത്തിന് (പട്ടികവർഗ്ഗ വിഭാഗത്തിന്) കേന്ദ്ര സർക്കാർ വിഹിതമായി ലഭിച്ച 71920 രൂപ 2016 മാർച്ച് മുതൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്നു.

2. വിമുക്തി ബോധവൽകരണ പരിപാടികൾക്കായി ലഭിച്ച 57140 രൂപയും തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നു.

3. ഉറവിട മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1210543 രൂപയും വിനിയോഗിക്കാതെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

4. ശ്മശാനം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18-ൽ ലഭിച്ച 1000000 രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19-ൽ ലഭിച്ച 3042000 രൂപയും വിനിയോഗിച്ചിട്ടില്ല.

5. നാഷനൽ ഹെൽത്ത് മിഷനിൽ നിന്നും 2014-15-ൽ സമ്മാന തുകയായ ലഭിച്ച 300000 രൂപ വിനിയോഗിക്കാതെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.

പ്രസ്തുത ഫണ്ടുകൾ ചെലവഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 413543 | ലൈഫ് മിഷൻ (ജനറൽ) | 228695 | 271305 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 33890 | ലൈഫ് മിഷൻ (എസ്.സി.പി) | 0 | 33890 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | മൺപിലാവ് സ്കൂളിന് ടോയിലറ്റ് നിർമ്മാണം | 0 | 500000 |

| | | | | |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | ബിസ്മിപടി കുഴിക്കാലാപടി റോഡ് കോൺക്രീറ്റ് | 396942 | 463058 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | പാലിന് സബ്സിഡി (വനിത) | 228695 | 271305 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | പാലിന് സബ്സിഡി | 329221 | 170779 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 500000 | കോതയാട്ടുപാറ അംഗൻവാടി നിർമ്മാണം | 0 | 500000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 4125000 | ഇടവിള കൃഷി (ജനറൽ) | 412500 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | നീലിപിലാവ് സെറ്റിൽമെന്റ് കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (144/20) | 190511520011 00889624/ 30.11.2019 | 198323 | 198323 | 0 |
| ഭൂജല വകുപ്പ് | തോട്ടം LPS, കുത്താട്ടുകുളം LPS കുഴൽ കിണർ നിർമ്മാണം (149/20) | 190511520010 00836298/ 18.11.2019 | 155304 | 75488 | 79816 |
| വാട്ടർ അതോറിറ്റി | ചിറ്റാർ തെക്കേക്കര പൈപ്പ് ലൈൻ (148/20) | 190511520010 01468823/ 12.03.2020 | 34000 | 0 | 34000 |
| ഭൂജല വകുപ്പ് | പുതിയ കുഴൽ കിണർ നിർമ്മാണവും അനുബന്ധ സൗകര്യവും (167/20) | ചെക്ക് നം. 03876/ 14.11.2019 | 77652 | 39670 | 37982 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

പഞ്ചായത്ത് തൻവർഷം 1940000 രൂപയുടെ വായ്പ എടുത്തിട്ടുണ്ട്.

| വായ്പയുടെ | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 8192392 | 6252392 | 617648 | 0 | 7574744 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10100 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2017-18 | 3-13 | 8500 | ശ്രീ. രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ | 119050100355/23.5.2019 |
| 2010-11 | 3-15 | 1600 | ശ്രീമതി സുധ എസ്, സെക്രട്ടറി | 1195050100161/29.4.2019 |
| | | 10100 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 – 2012-13 | 3-17 | 2014-15 | 4.1.14 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രീയം. മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നു. | പരാമർശം നിലനിൽക്കുന്നു. |
| 2011-12 – 2012-13 | 3-14(iii) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | പരാമർശം നിലനിൽക്കുന്നു. |
| 2011-12 – 2012-13 | 3-14 (I) | 2014-15 | 4.1.6 | അടഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76248452 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50187888 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 346855 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 (എ) | 119072 | ശ്രീ ബാലചന്ദ്രൻ ഡി, സെക്രട്ടറി |
| 1-21 (ബി) | 51300 | ശ്രീ ബാലചന്ദ്രൻ ഡി, സെക്രട്ടറി |
| 1-23 | 138600 | ശ്രീ ലാലു കെ, വി.ഇ.ഒ |
| 1-25 | 37883 | ശ്രീ ദീപേഷ് പി റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| | 346855 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബാലചന്ദ്രൻ ഡി, സെക്രട്ടറി | വിരമിച്ചു | ആനന്ദ വിലാസം, ഐരക്കുഴി പി.ഒ, ചിതറ, കൊല്ലം ജില്ല |
| ശ്രീ. ലാലു കെ | എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്) താനൂർ | ധന്യം, കിനാശ്ശേരി, പാലക്കാട് ജില്ല 678701 |
| ശ്രീ. ദീപേഷ് പി റ്റി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മംഗൽപാടി ഗ്രാമപഞ്ചായത്ത്, കാസറഗോഡ് | പുത്തൻവീട്ടിൽ, സീതത്തോട് പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റിഎ.പി.3/8/2000 തീയതി 06.07.2000 | 3 |
| 1997-98 | എൽ.എഫ്.പിറ്റിഎ.പി4/974/07 തീയതി 13.06.2008 | 2 |
| 1998-99 | എൽ.എഫ്.പിറ്റിഎ.പി.3/975/07 തീയതി 13.06.08 | 2 |
| 1999-00 (വരവ്) | എൽ.എഫ്.പിറ്റിഎ.പി.3/976/07 തീയതി 10.07.08 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി.3/37/02 തീയതി 31.05.02 | 16 |
| 2000-01 (വരവ്) | എൽ.എഫ്.പിറ്റിഎ.പി.4/977/07 തീയതി 10.07.08 | 1 |

| | | |
|---|---|---|
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി.4/384/03 തീയതി 16.12.2003 | 7 |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.പിറ്റിഎ.പി.4/978/07 തീയതി10.7.2008 | 5 |
| 2001-02 (ജ.ആ.) | എൽ.എഫ്.പിറ്റിഎ.പി.4/523/04 തീയതി 06.01.2005 | 8 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി.4/576/06 തീയതി 15.10.2006 | 5 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി.4/113/08 തീയതി 04.11.2008 | 13 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി5/705/08 തീയതി 12.05.2009 | 26 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി5/744/08 തീയതി 31.07.2009 | 31 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി.8/840/11 തീയതി 07.12.2011 | 12 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി.8/841/11 തീയതി 07.12.2011 | 7 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പിറ്റിഎ.പി.6/420/11 തീയതി 12.03.2013 | 19 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റിഎ. പി6/779/14 തീയതി 20.11.2014 | 13 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ.പിറ്റിഎ.പി12/183/16 തീയതി 23.03.2016 | 10 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി12/1284A/16 തീയതി 03.12.2016 | 25 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി3/1094/17 തീയതി 10.10.2017 | 40 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി13/133/2019 തീയതി 06.3.2019 | 43 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി13/731/19 തീയതി 16.9.2019 | 46 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്